പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി

223 (6674) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക കുടിവെള്ളപദ്ധതി രൂപീകരിച്ചിട്ടില്ല.

എന്നാൽ കോർപ്പസ്ഫണ്ട്, ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയും 25 ലക്ഷം രൂപയിൽ അധികരിക്കുന്ന പ്രോജക്ടുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ ഭരണാനുമതിയോടെയും നടപ്പിലാക്കിവരുന്നു.

(ബി) ഹാബിറ്റാറ്റ്, ജലനിധി, വാട്ടർ അതോറിറ്റി മുതലായ സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

(സി) കുടിവെള്ളം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ/കുടുംബങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പാക്കിവരുന്നു.

അന്ത്യോദയ-അന്നയോജന പദ്ധതി

224 (6675) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാചീന ഗോത്ര വർഗ്ഗങ്ങളേയും ആദിവാസി കുടുംബങ്ങളേയും അന്ത്യോദയ-അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly